# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 28.10.2019 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ. 19

## റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർക്ക് സംരക്ഷണം

| ചോദ്യം<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.കെ.രാജൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | റോഡപകടത്തിൽപ്പെടുന്നവരെ കൃത്യസമയത്ത് ആശുപത്രികളിൽ എത്തിക്കാത്തത് മൂലം ഒട്ടേറെ മരണങ്ങൾ ഉണ്ടാകുന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാന പോലീസ് വകുപ്പിലെ ക്രൈം റിക്കോർഡ്സ് ബ്യൂറോ, വാർഷികമായി കേരളത്തിൽ ഉണ്ടാകുന്ന റോഡപകടങ്ങളെ സംബന്ധിച്ചും തദ്വാരാ ഉണ്ടാകുന്ന മരണത്തെ സംബന്ധിച്ചും റോഡപകടങ്ങളെ തുടർന്നുണ്ടാകുന്ന മുറിവുകളുടെ തീവ്രത, അപകടങ്ങൾ ഉണ്ടാകുന്ന സമയം അപകടങ്ങൾ സംഭവിക്കുന്ന റോഡുകൾ, വാഹനങ്ങൾ എന്നിവയെ സംബന്ധിച്ചും വിശദമായ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ NATPAC ന്റെ മേൽനോട്ടത്തിൽ റോഡപകടങ്ങൾ കൂടുതലായി സംഭവിച്ചിരിക്കുന്ന മേഖലകളെ പ്രത്യേകമായി കണ്ടെത്തി ജി.ഐ.എസ്. മാപ്പിന്റെ സഹായത്തോടെ Black Spot-കളായി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന ഏതൊരു വ്യക്തിക്കും യുദ്ധകാലാടിസ്ഥാനത്തിൽ അടിയന്തര ചികിത്സ പ്രാപ്യമാക്കുന്ന തരത്തിൽ മേൽ Black Spot കൾ കേന്ദ്രീകരിച്ച്, സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാർ ഉൾപ്പെടെ വിന്യസിച്ചുകൊണ്ടു അത്യാധുനിക സംവിധാനത്തോടുകൂടിയ 315 ആംബുലൻസുകളുടെ സേവനം സമഗ്ര |

| | | | |
|---|---|---|---|
| | | | ട്രോമകെയർ പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. |
| (ബി) | അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ സന്മനസ് കാട്ടുന്നവരെ നിയമക്കുരുക്കുകളിൽ നിന്നും രക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | സേവ് ലൈഫ് എന്ന സംഘടന (Writ Petition (Civil) 235 of 2010 Save Life Foundation Vs Union of India) സമർപ്പിച്ച കേസിന്മേൽ ബഹു.സുപ്രീം കോടതി 2016 മാർച്ച് 30-ന് പുറപ്പെടുവിച്ച Judgment-ലും ഇതുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ (Ministry of Road Transport and Highways Notification No.25035/101/2014-RS dated 12th May 2015) നോട്ടിഫിക്കേഷനിലും Good Samaritans' ന്റെ സംരക്ഷണത്തിനായുള്ള വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് നടപ്പിലാക്കി വരുന്നുണ്ട്. സർക്കുലർ 06/2009 തീയതി 25/02/2009 പ്രകാരം റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രി-യിലെത്തിക്കുവാൻ സന്മനസ് കാണിക്കുന്നവരെ അത്യാവശ്യ സാഹചര്യങ്ങളിൽ ഒഴികെ കേസുകളിൽ സാക്ഷിയാക്കുന്നതിൽ നിന്നും സ്റ്റേഷനുകളിൽ വിളിച്ചു വരുത്തുന്നതിൽ നിന്നും ഒഴിവാക്കുകയും മറ്റ് നിയമക്കുരുക്കുകളിൽ നിന്നും സംരക്ഷണവും നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് റോഡ് സുരക്ഷാ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള ഗുഡ് സമരിറ്റൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>മോട്ടോർ വാഹന ആക്ട്(ഭേദഗതി ആക്ട് 2019) സെക്ഷൻ 134 എ(1) & എ(2) പ്രകാരം അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ സന്മനസ് കാട്ടുന്നവരെ നിയമക്കുരുക്കുകളിൽ നിന്നും രക്ഷിക്കുന്നതിന് പര്യാപ്തമാണ്. |
| (സി) | ഇപ്രകാരം സഹായിക്കുന്നവർക്ക് ഏതൊക്കെ തരത്തിലുള്ള സംരക്ഷണമാണ് ഉറപ്പ | (സി) | ബഹു.സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡപകടങ്ങളിൽ-പ്പെടുന്നവരെ ആശുപത്രിയിലെത്തിക്കുവാൻ |

| | | | |
|---|---|---|---|
| | വരുത്തുന്നതെന്ന് അറിയിക്കാമോ; | | സന്മനസ് കാണിക്കുന്നവർക്ക് നിയമപരമായ സംരക്ഷണം നൽകുവാൻ കേന്ദ്രസർക്കാരിന്റെ Ministry of Road Transport & Highways-ന്റെ 21/01/2016-ലെ RT-25035/101/2014/RS നമ്പരായ വിജ്ഞാപനം അനുസരിച്ചുള്ള Standard Operating Procedure-ഉം Good Samaritan Guidelines-ൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടികളുമാണ് ഉറപ്പാക്കിയിട്ടുള്ളത്.<br>മോട്ടോർ വാഹന ആക്ട്(ഭേദഗതി ആക്ട് 2019) സെക്ഷൻ 134 എ(1) & എ(2) പ്രകാരം അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ സന്മനസ് കാട്ടുന്നവരെ നിയമക്കുരുക്കുകളിൽ നിന്നും രക്ഷിക്കുന്നതിന് പര്യാപ്തമാണ്. |
| (ഡി) | അപകടത്തിൽ പരിക്കേറ്റവർക്കുള്ള അടിയന്തര ജീവൻ രക്ഷാ ചികിത്സ , മുൻകൂർപണം ഈടാക്കാതെ സ്വകാര്യ ആശുപത്രികൾ നൽകണമെന്ന തരത്തിൽ നിയമനിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ആദ്യത്തെ 48 മണിക്കൂറിൽ സമഗ്രട്രോമാ കെയറിന്റെ ഭാഗമായി സർക്കാർ/ എംപാനൽഡ് സ്വകാര്യ ആശുപത്രികൾ വഴി സൗജന്യ ചികിത്സ നൽകുന്നതിനുള്ള വിശദമായ മാർഗരേഖ രൂപീകരിക്കുന്നതിന് ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പിനെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് നിയമ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഗുഡ് സമരിറ്റൻ മാർഗ്ഗനിർദ്ദേശങ്ങൾ

1. റോഡപകടങ്ങളിലും മറ്റും സഹായിയായി വരുന്ന നല്ല മനുഷ്യരെ ജാതി, മത, ലിംഗ, ദേശ പരിഗണനകൾ കൂടാതെ ബഹുമാനത്തോടെ സ്വീകരിക്കണം

2. റോഡപകടങ്ങളും അപകട മരണങ്ങളും പോലീസിനെയോ അധികാരികളെയോ അറിയിക്കുന്ന വ്യക്തി (ദൃക്സാക്ഷി ഒഴികെ) അയാളുടെ പേര്, മേൽവിലാസം,ഫോൺ നമ്പർ എന്നിവ വെളിപ്പെടുത്തേണ്ടതില്ല.

3. പോലീസ് രേഖകളിൽ ചേർക്കുന്നതിനായി മേൽവിലാസം, ഫോൺ നമ്പർ, തുടങ്ങിയ വ്യക്തിപരമായ വിവരങ്ങൾ നൽകണമെന്ന് സഹായിയായി വരുന്ന അളുകളെ പോലീസ് അധികാരികൾ നിർബന്ധിക്കുവാൻ പാടില്ല.

4. വിവരങ്ങൾ ശേഖരിച്ചു നൽകുന്നത് പോലെയുള്ള കാര്യങ്ങൾക്ക് സഹായിയായി വരുന്ന മനുഷ്യരെ പോലീസ് അധികാരികൾ നിർബന്ധിക്കരുത്.

5. സഹായിയായി വരുന്ന മനുഷ്യരെ അവരുടെ കൈവശമുള്ള വിവരങ്ങൾ കൈമാറിക്കഴിഞ്ഞാൽ പോകാനനുവദിക്കണം. സാക്ഷിയാകാൻ തൽപര്യമില്ലെങ്കിൽ കൂടുതൽ ചോദ്യങ്ങൾ അരുത്.

സെക്ഷൻ ഓഫീസർ